# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2151</u> — <u>22/01/2014 ൽ മറുപടിക്ക്</u>

## <u>വിജിലൻസ് കേസുകളുടെ വിശദാംശങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിജിലൻസ് കോടതികളിലുണ്ടായിരുന്ന ഏതെങ്കിലും കേസുകൾ പിൻവലിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കേസുകൾ എന്ന് കേസിന്റെ നമ്പരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിലിരിക്കെ പ്രോസിക്യൂഷൻ ഘട്ടത്തിലുള്ള രണ്ട് കേസുകൾ പിൻവലിക്കാൻ കോടതി ഉത്തരവിട്ടിട്ടുണ്ട്. ശ്രീ.മോഹൻദാസ് (മുൻ മാനേജിംഗ് ഡയറക്ടർ, കേരള വെയർ ഹൗസിംഗ് കോർപ്പറേഷൻ) പ്രതിയായ രണ്ട് വിജിലൻസ് കേസുകൾ വി.സി. 06/09/സി.ആ.ർ.ഇ.(സി.സി. 07/11), വി.സി. 07/09/സി.ആർ.ഇ. (സി.സി. 20/11) എന്നീ കേസുകൾ ആണ് കോടതി ഉത്തരവ് (ക്രിമിനൽ എം.പി. 604/12, ക്രിമിനൽ എം.പി. 605/12) പ്രകാരം പിൻവലിച്ചത്. കൂടാതെ വി.സി. 05/04/ടി.എസ്.ആർ. എന്ന നമ്പരിലുള്ള വിജിലൻസ് കേസ് പ്രോസിക്യൂഷൻ ഘട്ടത്തിലിരിക്കെ പ്രസ്തുത കേസിലെ മൂന്ന് ഭാഗങ്ങളിൽ (സി.സി. 08/07, സി.സി. 09/07, സി.സി. 10/07) ഒന്നായ സി.സി. 10/07 എന്ന കേസ് പിൻവലിച്ചുകൊണ്ട് തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവ് (ക്രിമിനൽ എം.പി. 528/13) പുറപ്പെടുവിച്ചിട്ടുണ്ട്. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണ ഘട്ടത്തിലിരിക്കെ പിൻവലിക്കുന്നതിന് കോടതി ഉത്തരവായ 2 വിജിലൻസ് കേസുകളാണുള്ളത്. (1) ശ്രീ.കെ.സുധാകരൻ എം.പി. പ്രതിയായിട്ടുള്ള വിജിലൻസ് കേസ് നമ്പർ വി.സി. |

| | | | |
|---|---|---|---|
| | | | 01/11/എസ്.ഐ.യു.-II, (2) മുൻ തിരുവനന്തപുരം ജില്ലാ കളക്ടർ ശ്രീമതി. ശാരദ മുരളീധരൻ ഐ.എ.എസ്., മുൻ വില്ലേജ് ഓഫീസർ ശ്രീ.എസ്. ഷാഹുൽ ഹമീദ് തുടങ്ങിയവർ പ്രതികളായിട്ടുള്ള വിജിലൻസ് കേസ് നമ്പർ വി.സി. 03/12/എസ്.ഐ.യു.-I എന്നിവയാണ്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിജിലൻസ് അന്വേഷണം നടത്തിയ കേസുകൾ എത്ര; അതിൽ കോടതിയിലേക്ക് റഫർ ചെയ്യപ്പെട്ടവ എത്ര; അന്വേഷണം നടത്തിയതിനു ശേഷം തുടർ നടപടി അവസാനിപ്പിച്ച കേസുകൾ എത്ര; ഓരോന്നിന്റേയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ മൊത്തം 345 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. ഇവയിൽ 39 എണ്ണം കോടതിയിലേക്ക് റഫർ ചെയ്തുകൊണ്ട് പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചു. അന്വേഷണം നടത്തി തുടർനടപടി അവസാനിപ്പിക്കുന്നതിന് ശുപാർശ നൽകിയ മൊത്തം 23 കേസുകളാണുള്ളത്. വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.എ.എസ്./ ഐ.പി.എസ്. ഉദ്യോഗസ്ഥർ ക്കെതിരെ എത്ര വിജിലൻസ് കേസ് എടുത്തിട്ടുണ്ട്; ഓരോ കേസിന്റേയും വിശദാംശം സഹിതം വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരമേറ്റശേഷം 13 ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ മൊത്തം 12 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം I

| | വി.സി. നമ്പർ | യൂണിറ്റ് |
|---|---|---|
| 1. | വി.സി. 04/12 | സ്പെഷ്യൽ സെൽ, കോഴിക്കോട് |
| 2. | വി.സി 01/06 | കൊല്ലം (കല്ലട ഇറിഗേഷൻ പ്രോജക്റ്റ്) |
| 3. | വി.സി. 20/98 | കല്ലട ഇറിഗേഷൻ പ്രോജക്റ്റ് |
| 4. | വി.സി. 01/11 | ദക്ഷിണമേഖല, തിരുവനന്തപുരം |
| 5. | വി.സി. 02/11 | ദക്ഷിണമേഖല, തിരുവനന്തപുരം |
| 6. | വി.സി. 03/12 | ദക്ഷിണമേഖല, തിരുവനന്തപുരം |
| 7. | വി.സി. 01/11 | ഇടുക്കി |
| 8. | വി.സി. 02/11 | ഇടുക്കി |
| 9. | വി.സി. 06/11 | കോട്ടയം |
| 10. | വി.സി. 07/11 | കോട്ടയം |
| 11. | വി.സി. 08/11 | കോട്ടയം |
| 12. | വി.സി. 09/11 | കോട്ടയം |
| 13. | വി.സി. 05/12 | കണ്ണൂർ |
| 14. | വി.സി. 01/12 | ആലപ്പുഴ |
| 15. | വി.സി. 04/11 | മലപ്പുറം |
| 16. | വി.സി. 10/12 | പാലക്കാട് |
| 17. | വി.സി. 01/13 | തൃശൂർ |
| 18. | വി.സി. 19/12 | തൃശൂർ |
| 19. | വി.സി. 10/12 | തൃശൂർ |
| 20. | വി.സി. 05/13 | മദ്ധ്യമേഖല, എറണാകുളം |
| 21. | വി.സി. 04/13 | മദ്ധ്യമേഖല, എറണാകുളം |
| 22. | വി.സി. 02/12 | മദ്ധ്യമേഖല, എറണാകുളം |
| 23. | വി.സി. 07/13 | തൃശൂർ |



**സെക്ഷൻ ഓഫീസർ**

## അനുബന്ധം II

| | വി.സി. നമ്പർ | യൂണിറ്റ് | ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| 1. | വി.സി. 01/12 | എസ്.ഐ.യു.-1 | ശ്രീ.അനിൽ. എക്സ്. ഐ.എ.എസ്. |
| 2. | വി.സി. 03/12 | എസ്.ഐ.യു.-1 | ശ്രീമതി.ശാരദ മുരളീധരൻ ഐ.എ.എസ്. |
| 3 | വി.സി. 07/13 | എസ്.ഐ.യു.-II | ശ്രീ. ഗുണവർദ്ധനൻ ഐ.എ.എസ്. |
| 4 | വി.സി. 03/13 | കോഴിക്കോട് | ശ്രീ. വേണുഗോപാൽ ഐ.എ.എസ്. |
| 5 | വി.സി. 07/13 | കോഴിക്കോട് | ശ്രീ. വേണുഗോപാൽ ഐ.എ.എസ്. |
| 6 | വി.സി. 11/13 | കോഴിക്കോട് | ശ്രീ. വേണുഗോപാൽ ഐ.എ.എസ്. |
| 7. | വി.സി. 01/13 | എസ്.ആർ.റ്റി. | ശ്രീ. ബാബു ജേക്കബ് ഐ.എ.എസ്. |
| 8. | വി.സി. 03/11 | പത്തനംതിട്ട | ശ്രീ. എ.ജെ.രാജൻ ഐ.എ.എസ്. |
| 9. | വി.സി. 07/12 | തൃശ്ശൂർ | ശ്രീ. വേണു ഐ.എ.എസ്. |
| 10. | വി.സി. 06/12 | എറണാകുളം | ശ്രീ. എ.റ്റി.ജെയിംസ് ഐ.എ.എസ്. |
| 11. | വി.സി. 02/12 | സി.ആർ.ഇ. | ശ്രീ. ബിശ്വനാഥ സിൻഹ ഐ.എ.എസ്. |
| 12. | വി.സി. 01/12 | കാസർഗോഡ് | ശ്രീ. കെ.ആർ.മുരളീധരൻ ഐ.എ.എസ്.<br>ശ്രീമതി. ഷീല തോമസ് ഐ.എ.എസ്.<br>ശ്രീ. എൻ.എ.കൃഷ്ണൻകുട്ടി ഐ.എ.എസ്.<br>ശ്രീ. ആനന്ദസിംഗ് ഐ.എ.എസ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ